# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1637/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 18/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1637/2022 തീയ്യതി: 18/01/2023

## ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2021 മുതൽ 24-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റ്റി.എസ്.ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഇന്ദു ബിജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 17-05-2021 |
| ശ്രീ.എം.വി.അജയകുമാർ | സെക്രട്ടറി | 18-05-2021 | 06-07-2021 |
| ശ്രീ.സെബാസ്റ്റ്യൻ പി.എസ് | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.രാഹുൽ രാഘവൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ആര്യ അൽഫോൺസ് | വെറ്ററിനറി സർജൻ | 01-04-2021 | 08-09-2021 |
| ഡോ.ഷിഹാബ് സി.ജെ | വെറ്ററിനറി സർജൻ | 09-09-2021 | 27-09-2021 |
| ഡോ.ആര്യ അൽഫോൺസ് | വെറ്ററിനറി സർജൻ | 28-09-2021 | 26-11-2021 |
| ഡോ.മുരളികൃഷ്ണ | വെറ്ററിനറി സർജൻ | 27-11-2021 | 22-12-2021 |
| ഡോ.ഷിഹാബ് സി.ജെ | വെറ്ററിനറി സർജൻ | 23-12-2021 | 16-02-2022 |
| ഡോ.പാർവ്വതി ഇ.കെ | വെറ്ററിനറി സർജൻ | 17-02-2022 | 31-03-2022 |
| ഡോ.നിഷമോൾ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.രേഷ്മ ദത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.അശ്വതി ദേവ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു ബി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബീന ജോസഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സനിത് കുമാർ എൻ.റ്റി | ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ആദർശ് പി.ആർ. | അസി.എഞ്ചിനീയർ | 01-04-2021 | 29-07-2021 |
| ശ്രീ.ബിജു വി.കെ | അസി.എഞ്ചിനീയർ | 30-07-2021 | 31-03-2022 |
| ശ്രീ.ശരത് സി.എം. | വി.ഇ.ഒ. | 01-04-2021 | 13-10-2021 |
| ശ്രീ.അലിയാർ പി.എം. | വി.ഇ.ഒ. | 14-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ബാബു കെ.വി. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പെന്‍ഷനുകള്‍ | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷന്‍ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | വാര്‍ഷിക കണക്കുകള്‍ -അപാകതകള്‍ | 1-9 |
| 10 | തടികളുടെ ലേലം നടക്കാത്തത് സംബന്ധിച്ച് | 1-10 |
| 11 | വാടക ഈടാക്കിയില്ല | 1-11 |
| 12 | തുമ്പൂര്‍മുഴിമോഡല്‍ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കല്‍. പാര്‍ട്ട്ബില്‍ കൈപ്പറ്റിയശേഷം പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടില്ല. | 1-12 |
| 13 | വാട്ടര്‍ ടാങ്ക് വിതരണം -ടെണ്ടര്‍ നടപടിക്രമങ്ങളിലെ അപാകതകള്‍ | 1-13 |
| 14 | സ്ട്രീറ്റ് മെയിന്‍ ലൈന്‍ ദീര്‍ഘിപ്പിക്കല്‍- പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടില്ല | 1-14 |
| 15 | കുടിവെള്ള കരം ഒടുക്കിയ തുക വാട്ടര്‍ അതോറിറ്റി ഡിമാന്റ് നോട്ടീസില്‍ കുറവ് ചെയ്തിട്ടില്ല. | 1-15 |
| 16 | തനത് ഫണ്ട് ചെലവുകള്‍ -രേഖകള്‍ ഹാജരാക്കിയില്ല | 1-16 |
| 17 | എം.ബുക്ക് ഹാജരാക്കിയില്ല | 1-17 |
| 18 | മിച്ച ഫണ്ട് എന്ന് വിവക്ഷിക്കാവുന്ന തുക ആദായകരമായി നിക്ഷേപിച്ചില്ല- പലിശയിനത്തില്‍ ഒരു കോടിയില്‍പരം രൂപയുടെ അനുമാന നഷ്ടം | 1-18 |
| 19 | സാമൂഹ്യസുരക്ഷാപെന്‍ഷന്‍-അനര്‍ഹമായ കാലയളവില്‍ തുക അനുവദിച്ചു | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് | 1-20 |
| 21 | എച്ച്.എം.സി.വാര്‍ഷിക കണക്കുകള്‍ യഥാസമയം സമര്‍പ്പിക്കുന്നില്ല | 1-21 |
| 22 | മോണിറ്ററിംഗ് സമിതി കാര്യക്ഷമമല്ല | 1-22 |
| 23 | പ്രൊക്യൂയര്‍മെന്റ് കമ്മിറ്റി | 1-23 |
| 24 | സ്രോതസ്സില്‍ നിന്നും കിഴിവ് ചെയ്ത തുക രേഖപ്പെടുത്തിയതില്‍ വ്യത്യാസം | 1-24 |
| 25 | കോവിഡ് പ്രതിരോധ പ്രവര്‍ത്തനങ്ങള്‍ | 1-25 |
| 26 | ഓഡിറ്റ് ഇംപാക്റ്റ് | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

ഭാഗം **4**


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

₹11709473/- മുന്നിരിപ്പും ₹187046880/- വരവും ₹192907850/- ചെലവും ₹5848503/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 18.02.2021 -ൽ അവതരിപ്പിക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 2-1 തീരുമാന പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 22.08.2022 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | 16281000 | 16281000 | 16281000 | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് – എസ്.സി.പി | | 2484100 | 2484100 | 2230000 | |
| വികസന ഫണ്ട് – ടി.എസ്.പി | | 8022524 | 8022524 | 7349000 | |
| മെയിന്റനൻസ് - റോഡ് | | 12424000 | 12424000 | 4537502 | |
| മെയിന്റനൻസ് - നോൺറോഡ് | 0 | 5404502 | 5404502 | 3394914 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7630686 | 7630686 | 5197328 | 2433358 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. തൊഴിലാളികളുടെ കൂലി | | 45501916 | 45501916 | 45501916 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2527 | 995452 | 997979 | 997794 | 185 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | 0 | 0 | |
| ഐ.സി.ഡി.എസ്. | 1249124 | 604995 | 1854119 | 1854119 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | | 150000 | 150000 | 150000 | |
| സാക്ഷരത | 0 | 16060 | 16060 | 16060 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2754090 | | 2754090 | 912383 | 1841707 |
| കോർപ്പസ് ഫണ്ട്+ജലജീവൻ മിഷൻ | 2693862 | 24676 | 2718538 | 0 | 2718538 |
| അദർ ട്രസ്റ്റ്/ഏജൻസി ഫണ്ട് | 25000 | | 25000 | 0 | 25000 |
| പകർച്ചവ്യാധി നിയന്ത്രണം | | 6717 | 6717 | 828 | 5889 |
| കലുങ്ക് നിർമ്മാണ പദ്ധതി–എസ്.റ്റി. | 2156556 | | 2181232 | 2181232 | 0 |
| ജലനിധി | 1105066 | 1307214 | 2412280 | 1299140 | 1113140 |
| ദുരിതാശ്വാസനിധി | 5889 | | 5889 | 0 | 5889 |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | 171703 | 17825000 | 17996703 | 11791421 | 6205282 |

1-3-1) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 16281000 | 764528 | 963600 | 14552872 |
| വികസനഫണ്ട് (SCP) | 2484100 | 96318 | 0 | 2387782 |
| വികസനഫണ്ട് (TSP) | 8022524 | 385821 | 0 | 7636703 |

1-3-2) മെയിന്റനൻസ് ഫണ്ട് - ചെലവ് നിശ്ചിത പരിധി കടന്നില്ല

മെയിന്റനൻസ് ഫണ്ട് രണ്ടിനങ്ങളിലും ചെലവ് 80% എന്ന പരിധി കടന്നില്ല. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 വർഷം അനുവദിച്ച മെയിന്റനൻസ് ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ 20% വരെ മാത്രമേ അടുത്ത വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. തൻവർഷം ലാപ്സായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് ₹ | ചെലവ് ശതമാനം | നീക്കിയിരിപ്പ് | അടുത്ത വർഷത്തേക്ക് അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| നോൺറോഡ് | 5404502 | 3394914 | 62.82 | 2009588 | 1080900 | 928688 |
| റോഡ് | 12424000 | 4537502 | 36.52 | 7886498 | 284800 | 5401698 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 180251288 | 177 | 63296121 | 0 | 21 | 89.39 |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | വകയിരുത്തിയ തുക | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 42 | 41 | 13294183 | 11472497 | 86.29 |
| അസി.എൻജി | 70 | 55 | 18925935 | 11738528 | 62.02 |
| വെറ്ററിനറി സർജൻ | 10 | 10 | 5811972 | 4096275 | 70.47 |
| കൃഷി ഓഫീസർ | 11 | 11 | 1183699 | 1085939 | 91.74 |
| ഐ സി ഡി എസ് | 11 | 9 | 5918805 | 5098250 | 86.13 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 5 | 5 | 1950000 | 1940918 | 99.53 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 842121 | 842109 | 99.99 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 133038 | 133037 | 99.99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2483980 | 1431995 | 57.64 |
| ഹെഡ് മാസ്റ്റർ | 5 | 5 | 737026 | 713670 | 96.83 |
| വി.ഇ.ഒ | 32 | 29 | 127527529 | 24483319 | 19.19 |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 1443000 | 259584 | 17.98 |
| ആകെ | 198 | 177 | 180251288 | 63296121 | 35.11 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | | 45501916 | 45501916 | 45501916 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2527 | 995452 | 997979 | 997794 | 185 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71280 | 68 |
| കർഷക തൊഴിലാളി പെൻഷൻ | 2275000 | 115 |
| വിധവാപെൻഷൻ | 12975600 | 481 |
| വാർദ്ധക്യകാല പെൻഷൻ | 40549800 | 1145 |
| വികലാംഗ പെൻഷൻ | 5396500 | 335 |
| അവിവാഹിതർക്കുള്ള പെൻഷൻ | 1090400 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികമായും ആരോഗ്യപരമായും ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ക്ഷേമപെൻഷനുകൾ അനർഹരായവർ കൈപ്പറ്റുന്നുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5083/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 15 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം 1 യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയ്ക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9 വാർഷിക കണക്കുകൾ -അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂളിൽ Other Trust Or Agency Funds എന്ന ശീർഷകത്തിൽ ₹ 25000/- ഉൾപ്പെടുത്തിയിരിക്കുന്നത് 2016-17 വർഷത്തെ നീക്കിയിരിപ്പ് തുകയാണ്. സർക്കിൾ ഇൻസ്പെക്ടറിൽ നിന്ന് ലഭ്യമായെന്ന് രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത തുകയുടെ വിശദാംശങ്ങൾ എന്താണെന്നും 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ തുടരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമല്ല.

2) ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ തുകയിൽ അവശേഷിക്കുന്ന ബാധ്യതയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ₹6860263/- ആണെങ്കിലും ലോൺ രജിസ്റ്റർ എഴുതി

സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.

3) 2021-22 വർഷം 10 പൊതുമരാമത്ത് പ്രവൃത്തികളിലായി ₹1361316/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-in- Progress എന്ന ശീർഷകത്തിൽ ₹158786/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

4)വസ്തുനികുതി ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും പൊരുത്തപ്പെടുന്നില്ല

| വസ്തു നികുതി ഇനം | വാർഷിക കണക്ക് പ്രകാരം(₹) | സഞ്ചയ പ്രകാരം (₹) |
|---|---|---|
| Residential -Current | 223942 | 221566 |
| Residential -Arrear | 103420 | 60709 |
| Non Residential -Current | 94652 | 80027 |
| Non Residential -Arrear | 78053 | 41822 |

5) ഐ.എൽ.ജി.എം.എസ്. ലെ ജേണൽ റിപ്പോർട്ട് പ്രകാരം 2021-22 വർഷം 557 ജേണൽ എൻട്രികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജേണൽ ഏൻട്രികൾക്ക് കൃത്യമായ ജേണൽ വൌച്ചർ സൂക്ഷിക്കണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ യഥേഷ്ടം ജേണൽ എൻട്രികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

6) വാർഷിക റിക്കൺസീലിയേഷൻ നടത്തിയത് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അക്കൌണ്ടുകളിൽ വ്യത്യാസമുള്ളതായി കണ്ടെത്തി.

| ഇനം | വാർഷിക കണക്ക് പ്രകാരം(₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (₹) |
|---|---|---|
| ദുരിതാശ്വാസനിധി | 5889 | 6036 |
| ജലനിധി സസ്റ്റെയിനബിൾ അക്കൌണ്ട്. | 1299137 | 1301621 |

7) ചുവടെ ചേർത്തിരിക്കുന്ന അക്കൌണ്ടുകൾ ഗ്രാമ പഞ്ചായത്തിന്റേതായി നിലവിലുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | അക്കൗണ്ട് ഉള്ള സ്ഥാപനം | അക്കൗണ്ട് നമ്പർ |
|---|---|---|
| ശുചിത്വ മിഷൻ | ഫെഡറൽ ബാങ്ക് | 12100100094253 |
| കോവിഡ് അക്കൗണ്ട് | ട്രഷറി | 799012900001140 |

8) ജലജീവൻ, ജലനിധി സസ്റ്റെയിനബിൾ എന്നീയിനങ്ങളിൽ യഥാക്രമം ₹41252/-, ₹1299137/- തുകകളുടെ നീക്കിയിരിപ്പുള്ളതായി B-17 സ്റ്റേറ്റ്മെന്റിൽ കാണുന്നു. എന്നാൽ ഇവയുടെ ബാദ്ധ്യത ഹെഡ് B-4-ൽ ഉൾപ്പെടുത്തിയിട്ടില്ല. ശുചിത്വമിഷൻ, ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളുടെ B-17 ,B-4 ഷെഡ്യൂളുകളിലെ തുകകളിൽ വ്യത്യാസം കാണുന്നു.

9) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നല്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ മുൻവർഷത്തെ നീക്കിയിരിപ്പ് തുകകൾ അതിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ഇല്ല.

| സ്ഥാപനം | മുൻവർഷത്തെ നീക്കിയിരിപ്പ് |
|---|---|
| കേരള വാട്ടർ അതോരിറ്റി | 1014766 |
| ഇലക്ട്രിസിറ്റി ബോർഡ് | 664340 |
| ഭൂജല വകുപ്പ് | 497290 |
| പൊതുമരാമത്ത് വകുപ്പ് | 1160000 |

10) തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവ് അഡ്വാൻസിനവേണ്ടി രണ്ട് ഹെഡുകളിൽ തുക നിലനിർത്തിയിരിക്കുന്നു. Temporary Advance For Official Purposes(460100103) എന്ന ഹെഡിലും Advance To Mahatma Gandhi NREGA/AUEGS Administrative Expense(460500801) എന്ന ഹെഡിലുമാണത്.

11) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ രണ്ട് ഗഡുക്കളിലായി ₹12424000/- വരവുള്ളതായും ₹7886498/- ലാപ്സായതായിട്ടുമാണ് കാണുന്നത്. എന്നാൽ, സുലേഖ സ്റ്റേറ്റ്മെന്റിൽ ആകെ ₹4910000/-യുള്ള പദ്ധതികൾ മാത്രമാണ് വിഭാവനം ചെയ്തത്. ആദ്യത്തെ ഗഡുവിൽനിന്നുതന്നെ തുക വെട്ടിക്കുറച്ചെന്നും മേൽസൂചിത തുകയിൽ പരിമിതപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പാക്കാനുള്ള ഓപ്ഷൻ മാത്രമാണ് സുലേഖയിലുണ്ടായിരുന്നതെന്നുമാണ് പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടി. ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്നതും ലാപ്സാകുന്നതുമായ തുകയിലുണ്ടാകുന്ന വ്യത്യാസം പരിഹരിച്ച് യഥാർത്ഥ തുകകളുടെ വിശദാംശങ്ങൾ സ്റ്റേറ്റുമെന്റുകളിൽ പ്രതിഫലിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓരോ അപാകതയും പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 തടികളുടെ ലേലം നടക്കാത്തത് സംബന്ധിച്ച്

കാലവർഷക്കെടുതിയിൽ വെട്ടിമറ്റം മുതൽ തേന്മാരി വരെയുള്ള റോഡിൽ മറിഞ്ഞു വീണ മരങ്ങൾ വെട്ടിമാറ്റിയ വകയിലും, ഇലക്ട്രിക് പോസ്റ്റുകൾ നീക്കം ചെയ്ത ഇനത്തിലും ₹14000/- ചെലവായിട്ടുണ്ട്. ടി മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് 24-09-2021 ലെ 20/1 അജണ്ട പ്രകാരം തീരുമാനിക്കുകയും 02-09-2021 ൽ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും ₹7991/-യുടെ വാല്യുവേഷൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 13-10-2021, 14-12-2021 എന്നീ തീയതികളിൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ലെന്ന് ലേല ഡയറി പരിശോധിച്ചപ്പോൾ വ്യക്തമായി. തടിലേലം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നലകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/28-05-2022ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. വാല്യുവേഷൻ കൂടുതലായതിനാലാണ് ലേലത്തിൽ ആരും പങ്കെടുക്കാത്തതെന്നും തുക കുറവ് ചെയ്ത് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി തേടി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തടികൾ ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-11 വാടക ഈടാക്കിയില്ല

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇളംദേശത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലുള്ള കമ്മ്യൂണിറ്റി ഹാൾ(കെട്ടിട നം.2/158) എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ റേഞ്ച് ഓഫീസാവശ്യത്തിന് നൽകിയിട്ടുണ്ട്. വാടക ഇനത്തിൽ പഞ്ചായത്തിന് തനത് വരുമാനം ലഭ്യമാകുമായിരുന്ന ഈ ഹാൾ വാടക ഈടാക്കാതെയാണ് നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/31-10-2022 ന് ഗ്രാമപഞ്ചായത്തിൽ റേഞ്ച് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ പ്രൊപ്പോസൽ വന്നപ്പോൾ 14-11-2017 ലെ 9/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം താൽക്കാലികമായി വാടകയില്ലാതെ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയെന്നുള്ള മറുപടി ഹാജരാക്കി. ടി ഓഫീസിന് ഗ്രാമപഞ്ചായത്തിൽ 1-ാം വാർഡിൽ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് വക ഭൂമി അനുവദിച്ചതിനാലും കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങൾ മാത്രം ഉള്ളതിനാലുമാണ് വാടക ഈടാക്കാത്തതെന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. കമ്മ്യൂണിറ്റി ഹാൾ ഇനത്തിൽ വാടകയ്ക്ക് നൽകിയിരുന്ന ടി കെട്ടിടം അനുബന്ധ സൗകര്യങ്ങൾ ആവശ്യമെങ്കിൽ നിർമ്മിച്ച് അടിയന്തിരമായി വാടകക്കരാർ ചമച്ച് മുൻകാല പ്രാബല്യത്തോടെ വാടക ഈടാക്കേണ്ടതാണ്. തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഇളംദേശത്ത് വെള്ളിയാമറ്റം വില്ലേജ് സർവ്വേ നമ്പർ 33/3 പ്രകാരമുള്ള 3 സെന്റ് ഭൂമി ബി.എസ്.എൻ.എൽ-ന് പാട്ടത്തിന് നൽകിയിട്ടുണ്ട്. പാട്ടക്കാലാവധി അവസാനിച്ചതിനെത്തുടർന്ന് 26-02-2020 പ്രാബല്യത്തിൽ പ്രതിമാസം ₹1296/- +ജി.എസ്.ടി. നിരക്കിൽ വാടക ഈടാക്കണമെന്നും അഞ്ച് വർഷം കൂടുമ്പോൾ 20% വാടക വർദ്ധനവ് വരുത്തണമെന്നുമുള്ള നിഷ്കർഷയോടെ വാടകക്കരാർ പുതുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വാടക ലഭ്യമായിട്ടില്ല. വാടകക്കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 തുമ്പൂർമുഴിമോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കൽ. പാർട്ട്ബിൽ കൈപ്പറ്റിയശേഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

കരിപ്പലങ്ങാട്, നാളിയാനി, പൂച്ചപ്ര, പൂമാല ട്രൈബൽ സ്കൂളുകൾ(പ്രോജക്ട് നം.150/22), പഞ്ചായത്ത് ഓഫീസ്

കോമ്പൗണ്ട് (പ്രോജക്ട് നം.151/22)എന്നിവിടങ്ങളിൽ തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം നേടിയിരുന്നെങ്കിലും രണ്ട് പദ്ധതികളും തൻവർഷം പൂർത്തിയാക്കിയിട്ടില്ല. 2018-19ൽ ആരംഭിച്ച പദ്ധതികൾ ആണിവ. രണ്ട് പദ്ധതികളുടെയും നിർവ്വഹണ ചുമതല അസിസ്റ്റന്റ് എഞ്ചിനീയർക്കായിരുന്നു.

ടെണ്ടർ നടപടികൾ പൂർത്തിയാക്കി ജിയോ എനർജി തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും കരാർ നമ്പർ 67/AE/LSGD/VLTM/2019-20 തീ. 16.01.2020, 68/AE/LSGD/VLTM/2019-20 തീ. 16.01.2020 എന്നിവ പ്രകാരം പ്രസ്തുത ഏജൻസിയെ പദ്ധതികളുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് കരാറിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും ഏകവർഷ പദ്ധതിയായതിനാൽ 2020 മാർച്ച് 31നകം പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. 2020-21 വർഷം ചെക്ക് നമ്പർ 251920/05.01.2021പ്രകാരം ₹150719/-യുടെ (82991 +67728) പാർട്ട് ബിൽ നൽകിയിട്ടുണ്ട്. തുടർന്ന് നാളിതുവരെ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നേരിട്ട് നടത്തിയ പരിശോധനയിൽ ഭാഗികമായി എയ്റോബിക് ബിൻ നിർമ്മാണം മാത്രമാണ് നടത്തിയിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടു. പദ്ധതി പൂർത്തികരിച്ച് എത്രയും പെട്ടെന്ന് പ്രയോജനപ്രദമാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 വാട്ടർ ടാങ്ക് വിതരണം -ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

| പദ്ധതി/നമ്പർ | ചെലവ് തുക |
|---|---|
| 107/21-22, പി.വി.സി വാട്ടർ ടാങ്ക് വിതരണം (റ്റി.എസ്.പി) | ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുക രൂ. 336180 (439/25-03-2022)<br>ഗുണഭോക്തൃ വിഹിതം രൂ.112190<br>ആകെ രൂ.448370 |

മേൽ പദ്ധതി പ്രകാരം 130 ഗുണഭോക്താക്കൾക്ക് 3449 രൂപ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 30-12-2021 ലെ ടെണ്ടർ പരസ്യം പ്രകാരം പദ്ധതിയ്ക്കായി ആവശ്യപ്പെട്ട 500 ലിറ്ററിന്റെ ( Triple Layer, 10 Year Warranty, 13kg Weight) ടാങ്കിന് Rivertech Traders എന്ന സ്ഥാപനം ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്കായ രൂ.2879/- ഒഴിവാക്കി പ്രസ്തുത സ്ഥാപനത്തിന്റെ തന്നെ കൂടിയ നിരക്ക് രൂ.3449/-അംഗീകരിച്ചാണ് ടെണ്ടർ ഉറപ്പിച്ചത്. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി 28-10-2022)മറുപടിയായി ഗുണനിലവാരം നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിനാലാണ് കൂടിയ നിരക്കിലുള്ള ടാങ്ക് വാങ്ങിയത് എന്ന് അറിയിച്ചു. 10-02-2022 ലെ പർച്ചേസ് കമ്മിറ്റിയിലും, 11-02-2022 ലെ ജനറൽ കമ്മിറ്റിയിലും Rivertech Traders എന്ന സ്ഥാപനം ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്കായ രൂ.2879/- അവതരിപ്പിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. പ്രസ്തുത നിരക്ക് ഒഴിവാക്കി വാങ്ങൽ നടത്തിയതിന് കാരണവും വ്യക്തമാക്കിയിട്ടില്ല. നാല് സ്ഥാപനങ്ങളുടേതായി 12 ഇനം ടാങ്കുകളുടെ ടെണ്ടർ ലഭിച്ചുവെങ്കിലും ആയത് പട്ടികയിലാക്കി താരതമ്യം ചെയ്ത് പർച്ചേസ് കമ്മറ്റി തീരുമാനമെടുത്തിട്ടില്ല എന്നു കാണുന്നു. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടില്ല. പ്രസിഡന്റ് ഉൾപ്പെടുന്ന 7 അംഗ സമിതിയാണ് പർച്ചേസ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ലഭ്യമായ ടെണ്ടറുകൾ ക്ഷമതയുള്ള അധികാരികൾ പരിശോധിക്കുകയോ ഗുണനിലവാരം സംബന്ധിച്ച് കുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ കാരണങ്ങളാൽ കുറഞ്ഞ നിരക്ക് ഒഴിവാക്കിയത് ക്രമപ്രകാരമല്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ വിശദമായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു. അല്ലാത്തപക്ഷം കൂടിയ നിരക്ക് അംഗീകരിച്ചതിനാൽ വന്ന നഷ്ടം ₹74100/-[(3449*130=448370)- (2879*130=374270)] ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. നഷ്ടതുകയിൽ രൂ.55575/- സർക്കാരിലേയ്ക്കും ഗുണഭോക്തൃ വിഹിതമിനത്തിലെ രൂ.18525/-ഗുണഭോക്താക്കൾക്കും തിരികെ നല്കേണ്ടതാണ്. ₹74100/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| പ്രോജക്ട് | 95/22, സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 110/22, സ്ട്രീറ്റ് മെയിൻ ലൈൻ |
|---|---|---|

| | | |
|---|---|---|
| | | ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹500000/- (വികസന ഫണ്ട്) | ₹1200000/- സി.എഫ്.സി.<br>₹2000/- തനത് ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം./തീ./ തുക | 21100552015701008602/ 25.01.2022/ ₹499966/- | XVFC/20/21-22/P/7/05.02.2022/ ₹999932/-<br>XVFC/20/21-22/P/10/18.02.2022/ ₹199892/-<br>ആകെ ₹1199824/- |

ഗ്രാമ പഞ്ചായത്തിലെ പട്ടിക വർഗ്ഗ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ എന്ന പദ്ധതിക്കായി 4237 മീറ്റർ നീളത്തിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് ₹499966/-യും വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിയിലുൾപ്പെടുത്തി 8474 മീറ്റർ ലൈൻ വലിക്കുന്നതിന് ₹1199824/-യും കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ബിൽ പ്രകാരം കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തീയതി രേഖപ്പെടുത്താതെയാണ് കരാർ ചമച്ചിരിക്കുന്നത്. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 27.10.2022 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ആലക്കോട് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ വിഭാഗം 27.10.2022 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് ലഭ്യമാക്കിയ ഡിബി 39/5753/2022-23/27 നമ്പർ കത്തിൽ മേൽ പദ്ധതി പ്രകാരം ഏഴ് കിലോമീറ്റർ ലൈൻ വലിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 5.711 കിലോ മീറ്റർ ലൈൻ വലിക്കൽ പുരോഗമിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്താതെയാണ് കത്ത് നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ രണ്ട് പ്രവൃത്തികളിൽ പ്രാഥമികമായി പ്രാദേശിക പരിശോധന നടത്തിയതിൽ ലൈൻ വലിച്ചത് എസ്റ്റിമേറ്റിൽ ചേർത്തിട്ടുള്ള അളവിലും കുറവാണ് എന്ന് ബോദ്ധ്യപ്പെട്ടു.

| പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരം | പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയത് | |
|---|---|---|---|
| അഴകത്ത് ബൌണ്ടറി മുതൽ പൂച്ചപ്ര വരെ | പോസ്റ്റ് നം. VPR-68 മുതൽ VPR-77 വരെ | പോസ്റ്റ് നം. VPR-69 മുതൽ VPR-77 വരെ | ഒരു സ്പാൻ കുറവ് |
| നാളിയാനി കുവക്കണ്ടം റോഡ് | പോസ്റ്റ് നം. KNR-61 മുതൽ KNR-81 വരെ | പോസ്റ്റ് നം. KNR-62 മുതൽ KNR-81 വരെ | ഒരു സ്പാൻ കുറവ് |

ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുമ്പോൾ ഓരോ പ്രവൃത്തിയും നിർവ്വഹിച്ചിട്ടുള്ളത് ഏത് ലൈനിൽ ആണെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നത് പ്രകാരം കൃത്യമായ സ്ഥലവും ദൂരവും രേഖപ്പെടുത്തി വിശദമായ വിവരം ഉൾപ്പെടുന്ന സാക്ഷ്യപത്രം വാങ്ങേണ്ടതും ആയത് മോണിറ്ററിംഗ് സമിതി സൂക്ഷ്മമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

1-15 കുടിവെള്ള കരം ഒടുക്കിയ തുക വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസിൽ കുറവ് ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 106/22, കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള കരം അടയ്ക്കൽ |
| അടങ്കൽ | ₹966000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് ₹966000/- | 1) XVFC/20-21/P/4/28.01.2022/₹644000/-<br>2) XVFC/20-21/P/13/09.03.2022/₹245533/-<br>3) XVFC/20-21/P/30/31.03.2022/₹76467/- |

| | |
|---|---|
| | ആകെ ₹ 966000/- |

2021-22 വർഷം കുടിവെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം ₹ 974066/- വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ ₹966000/- പിന്നീട് മുകളിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി ബിൽ പ്രകാരം പിൻവലിച്ച് തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ള ഡിമാന്റ് നോട്ടീസിൽ പ്രതിമാസ നിരക്ക് ₹84533/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2021 ഏപ്രിൽ മുതൽ 2022 ജനവരി മാസം വരെയുള്ള 10 മാസ കാലയളവിൽ പ്രതിമാസം ₹80500/- ആണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. കൂടാതെ അതാത് മാസം ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ കുറവ് ചെയ്യാതെയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകി വന്നിട്ടുള്ളത്. ആയത് ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക /മാസം | ഒടുക്ക് വരുത്തിയ തുക (₹) | വൌച്ചർ നം./തീയതി |
|---|---|---|---|
| 1 | ₹ 443308/ഏപ്രിൽ | 80500 | 22100096/29.04.2021 |
| 2 | ₹ 536569/ മെയ് | 80500 | 22100136/31.05.2021 |
| 3 | ₹ 631659/ജൂൺ | 80500 | 22100201/19.06.2021 |
| 4 | ₹ 728614/ജൂലൈ | 80500 | 22100288/29.07.2021 |
| 5 | ₹ 827471/ആഗസ്റ്റ് | 80500 | 22100375/04.09.2021 |
| 6 | ₹ 928267/ സെപ്റ്റംബർ | 80500 | 22100003/29.09.2021 |
| 7 | ₹ 1031040/ ഒക്ടോബർ | 80500 | 22100044/30/10/2021 |
| 8 | ₹ 1135829/ നവംബർ | 80500 | 22100132/02.12.2021 |
| 9 | ₹ 1242673/ ഡിസംബർ | 80500 | 22100242/19.01.2022 |
| 10 | ₹ 1351613/ ജനവരി | 80500 | 22100333/22.02.2022 |
| 11 | ₹ 1462690/ ഫെബ്രുവരി | 84533 | 22100352/24.02.2022 |
| 12 | ₹1575946/ മാർച്ച് | 84533 | 22100462/24.03.2022 |
| | ആകെ | ₹ 974066 | |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11 തീയതി 27.10.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-16 തനത് ഫണ്ട് ചെലവുകൾ -രേഖകൾ ഹാജരാക്കിയില്ല

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ള തുകകളുടെ പൂർണ്ണമായ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം | തടസ്സകാരണം |
|---|---|---|---|
| 22100189/11.06.2021<br>22100190/11.06.2021 | 30680<br>1520 | സെലന്റ് പ്രിന്റിംഗ് സെന്റർ-ന് പ്രിന്റിംഗ് ചാർജ് നൽകിയത് | ക്വട്ടേഷൻ ഹാജരാക്കിയില്ല |
| 22100254/14.07.2021 | 30000 | അഡ്വക്കേറ്റ് ഫീസ്-അഡ്വ.ഡെയ്സി ഫിലിപ്പോസിന് നൽകിയത് | രസീത് ഹാജരാക്കിയില്ല |
| 22100376/03.09.2021 | 70821 | കെ.പി.ഇ.പി.എഫ്-ഒടുക്കിയത് ചെലാൻ | ചെലാൻ ഹാജരാക്കിയില്ല |
| ആകെ | 133021 | | |

പ്രസ്തുത വൗച്ചറുകൾ പ്രകാരം ചെലവഴിച്ച രൂ.133021/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 എം.ബുക്ക് ഹാജരാക്കിയില്ല

22100034/30.10.2021 രൂ. 161500/-

ഗ്രാമപഞ്ചായത്തിലെ ഇലക്ഷൻ ബൂത്ത് ആയിരുന്ന 74-ാം നമ്പർ അങ്കണവാടി പൊളിച്ച് മാറ്റിയതിനാൽ ഓപ്പൺ സ്റ്റേജ് അറ്റകുറ്റ പണിചെയ്ത് പോളിംഗ് ബൂത്ത് ആയി ഉപയോഗിക്കുന്നതിനും സജ്ജീകരിക്കുന്നതിനും മേൽ വൗച്ചർ പ്രകാരം തനത്ഫണ്ടിൽ നിന്നും രൂ.161500/- (വാറ്റ് ഉൾപ്പെടെ) എ.ഇ യ്ക്ക് നൽകിയിട്ടുണ്ട്. ടി തുക കരാറുകാരനായ ശ്രീ.ശ്രീജിത്ത് റ്റി.ജി.ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട അളവ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അളവുബുക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.18/29.10.2022) മറുപടിയിൽ എം.ബുക്ക് സൂക്ഷിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിച്ച രൂ.161500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 മിച്ച ഫണ്ട് എന്ന് വിവക്ഷിക്കാവുന്ന തുക ആദായകരമായി നിക്ഷേപിച്ചില്ല- പലിശയിനത്തിൽ ഒരു കോടിയിൽപരം രൂപയുടെ അനുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് തുക പ്രധാനമായും രണ്ട് ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൌണ്ടിലുമാണ് വർഷങ്ങളായി നിലനിർത്തിവരുന്നത്. അവശ്യമായ ഫണ്ട് നിലനിർത്തി ട്രഷറി അക്കൗണ്ടും വെള്ളിയാമറ്റം സഹകരണ ബാങ്ക് അക്കൗണ്ടും വഴിയാണ് ദൈനംദിനവും അല്ലാത്തതുമായ പ്രധാന ഇടപാടുകൾ നടത്തിയിരുന്നത്. മൂന്നാമത്തേതായ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്) അക്കൗണ്ട് വഴി കാര്യമായ ഇടപാടുകൾ നടന്നിട്ടില്ലെന്ന് പിന്നിട്ട പന്ത്രണ്ട് വർഷത്തെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ വ്യക്തമായി. അനിവാര്യ ചെലവുകളുടെ നിർവ്വഹണത്തിനായുള്ള തുക മറ്റ് അക്കൗണ്ടുകളിൽ അവശേഷിച്ചിരുന്നതിനാൽ ഈ അക്കൗണ്ടിലെ ബാലൻസ് മിച്ച ഫണ്ട് എന്ന് വിവക്ഷിക്കാവുന്ന തുകയായിരുന്നു. എന്നിരുന്നാലും ബാലൻസായി വലിയ തുകകളാണ് ഈ അക്കൗണ്ടിൽ വർഷങ്ങളായി നിലനിർത്തിയിരുന്നത്. ആറ് മാസം കൂടുമ്പോൾ നാമമാത്രമായ പലിശ പ്രസ്തുത അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ മാത്രം ഉത്തമ താത്പര്യം പരിഗണിക്കുകയും ആവശ്യത്തിനനുസരിച്ച് തിരിച്ചെടുക്കാവുന്ന രീതിയിൽ ഈ കാലയളവിലേക്കെങ്കിലും (6 മാസം) സ്ഥിര നിക്ഷേപമായി തുകകൾ നിക്ഷേപിക്കുകയും ചെയ്തിരുന്നെങ്കിൽ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ ഗണ്യമായ തുക ലഭിക്കുമായിരുന്നു. ഇക്കാലയളവിൽ ആറുമാസത്തെ സ്ഥിരനിക്ഷേപങ്ങൾക്ക് ബാങ്ക് നല്കിവന്നിരുന്ന പലിശനിരക്ക് വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. അതിൻ പ്രകാരം പ്രസ്തുത തുക സ്ഥിരനിക്ഷേപമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന പലിശ ആറുമാസത്തേയ്ക്ക് ബാധകമായ ഏറ്റവും കുറഞ്ഞ നിരക്ക് പ്രകാരം കണക്കാക്കിയാൽ പോലും ഗ്രാമ പഞ്ചായത്തിന് ഉണ്ടായിരിക്കുന്ന നഷ്ടത്തിന്റെ വ്യാപ്തി വളരെ വലുതാണെന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പലിശ ലഭ്യമാക്കിയ തീയതി | ബാലൻസ്(ലക്ഷത്തിൽ പരിമിതപ്പെടുത്തിയത്) (₹) | ശരാശരി ബാലൻസ് (₹) | പലിശ നിരക്ക് | ലഭിക്കുമായിരുന്ന പലിശ(₹) | ലഭിച്ച പലിശ (₹) |
|---|---|---|---|---|---|
| 06.04.2010 | 3200000 | | | | |
| 29.09.2010 | 4800000 | 4000000 | 7 | 280000 | |
| 31.03.2011 | 4400000 | 4600000 | 8.25 | 379500 | 79384 |
| 30.09.2011 | 5000000 | 4700000 | 9.25 | 434750 | 84716 |
| 31.03.2012 | 3700000 | 4350000 | 9.5 | 413250 | 96497 |
| 29.09.2012 | 3600000 | 3650000 | 9 | 328500 | 94540 |
| 30.03.2013 | 3400000 | 3500000 | 9 | 315000 | 85391 |
| 30.09.2013 | 6400000 | 4900000 | 9 | 441000 | 51300 |

| | | | | | |
|---|---|---|---|---|---|
| 31.03.2014 | 7200000 | 6800000 | 9 | 612000 | 212986 |
| 28.09.2014 | 7100000 | 7150000 | 9 | 643500 | 144235 |
| 30.03.2015 | 8200000 | 7650000 | 8.75 | 669375 | 151137 |
| 30.09.2015 | 7700000 | 7950000 | 8.5 | 675750 | 133968 |
| 31.03.2016 | 8000000 | 7850000 | 7.75 | 608375 | 156140 |
| 30.09.2016 | 8100000 | 8050000 | 7.75 | 623875 | 164657 |
| 31.03.2017 | 9800000 | 8950000 | 8 | 716000 | 172671 |
| 30.09.2017 | 10600000 | 10200000 | 7.75 | 790500 | 204263 |
| 24.03.2018 | 10400000 | 10500000 | 7.5 | 787500 | 201980 |
| 29.09.2018 | 12100000 | 11250000 | 7.5 | 843750 | 237295 |
| 29.03.2019 | 11700000 | 11900000 | 7.75 | 922250 | 242021 |
| 30.09.2019 | 11300000 | 11500000 | 7 | 805000 | 230266 |
| 29.03.2020 | 9600000 | 10450000 | 6.75 | 705375 | 208127 |
| 27.09.2020 | 8100000 | 8850000 | 6.25 | 553125 | 171797 |
| 31.03.2021 | 9000000 | 8550000 | 6.25 | 534375 | 183366 |
| 29.09.2021 | 8200000 | 8600000 | 6.25 | 537500 | 169333 |
| 31.03.2022 | 7900000 | 8050000 | 6 | 483000 | 165071 |
| 29.09.2022 | 8100000 | 8000000 | 6.25 | 500000 | 158925 |
| | | | ആകെ | 14603250 | 3800066 |

പൊതു ഉദ്ദേശ ഗ്രാന്റടക്കം നിക്ഷേപിക്കുന്ന പ്രസ്തുത അക്കൗണ്ടിൽ നാമമാത്ര പലിശ ലഭിക്കുന്ന രീതിയിൽ തുക നിലനിർത്തിയതുകൊണ്ട് ബാങ്കിന് മാത്രമാണ് പ്രയോജനം ലഭിച്ചത്. ഒരു കോടിയിൽപരം രൂപ ഗ്രാമ പഞ്ചായത്തിനു നഷ്ടമുണ്ടായത് ഇക്കാലയളവിലുള്ള ഭരണസമിതികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കൃത്യവിലോപം കൊണ്ട് മാത്രമാണ്. ഇക്കാര്യത്തിൽ കൃത്യവും വ്യക്തവുമായ വിശദീകരണം ലഭ്യമാക്കുന്നതിനോടൊപ്പം തുക ഉചിത രീതിയിൽ ചെലവഴിക്കുന്നതിനോ അടിയന്തിരമായി സ്ഥിരനിക്ഷേപമാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 സാമൂഹ്യസുരക്ഷാപെൻഷൻ-അനർഹമായ കാലയളവിൽ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ്‌വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പേര് | പെൻഷണർ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | തുക₹ |
|---|---|---|---|---|---|
| 1 | നാരായണൻ | Xxx100134 | 09.12.2020 | 1/21-05/21 | 7700 |
| 2 | രാമൻ | Xxx200996 | 23.01.2021 | 2/21-5/21 | 6200 |
| 3 | തങ്കപ്പൻ | Xxx200230 | 21.01.2021 | 2/21-4/21 | 4600 |
| 4 | നാരായണൻ | Xxx201070 | 12.01.2021 | 2/21-5/21 | 6200 |
| 5 | മാത്യു | Xxx201310 | 15.02.2021 | 3/21-5/21 | 4700 |
| 6 | ഗോപാലകൃഷ്ണൻ | Xxx202087 | 13.02.2021 | 3/21-5/21 | 4700 |
| 7 | വാസുദേവൻ | Xxx201082 | 01.02.2021 | 3/21-5/21 | 4700 |

| | | | | | |
|---|---|---|---|---|---|
| 8 | മാത്യു | Xxx200870 | 12.01.2021 | 2/21-5/21 | 6200 |
| 9 | രാഘവൻ | Xxx201453 | 03.02.2021 | 3/21-4/21 | 3100 |
| 10 | തങ്കമ്മ | Xxx200304 | 20.02.21 | 3/21-5/21 | 4700 |
| 11 | അന്നമ്മ | Xxx200187 | 26.02.2021 | 3/21-5/21 | 4700 |
| 12 | മാത്യു | Xxx201113 | 10.03.2021 | 4/21-5/21 | 3600 |
| 13 | ജാനകി | Xxx201452 | 30.03.2021 | 4/21-5/21 | 3600 |
| 14 | രാജപ്പൻ | Xxx200725 | 22.03.2021 | 4/21-5/21 | 3600 |
| 15 | അവിര | Xxx202123 | 15.11.2021 | 12/21 | 1600 |
| 16 | ഗൌരി | Xxx200359 | 27.12.2021 | 01/22-2/22 | 3200 |
| 17 | കാസിം | Xxx200826 | 02.01.2022 | 2/22 | 1600 |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന് ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടിക്രമം ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ 2021-22 വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | നമ്പർ | ചെലവ് തുക |
|---|---|---|
| ലൈഫ് ഭവന പദ്ധതി (TSP) | 73/21-22 | 2366342 |
| ലൈഫ് ഭവന പദ്ധതി (SCP) | 70/21-22 | 872200 |
| ലൈഫ് ഭവന പദ്ധതി (SCP)spill Over | 183/21-22 | 450000 |
| ലൈഫ് ഭവന പദ്ധതി (TSP)spillover | 184/21-22 | 127900 |
| ലൈഫ് ഭവന പദ്ധതി (SCP)additional List-spill Over | 189/21-22 | 247800 |
| ലൈഫ് ഭവന പദ്ധതി (TSP)additional List-spill Over | 188/21-22 | 11305758 |
| ലൈഫ് ഭവന പദ്ധതി (General)2021-22 | 67/21-22 | 1280000 |
| ലൈഫ് ഭവന പദ്ധതി (General)spill Over | 182/21-22 | 400000 |

ബന്ധപ്പെട്ട രജിസ്റ്ററിൽ ചെലവുമായി ബന്ധപ്പെട്ട ബിൽ നമ്പർ, തീയതി, ചെലവ് തുക എന്നിവ കൃത്യമായി എഴുതി ചേർക്കുന്നില്ല. പദ്ധതി ചെലവ് സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ബില്ലിൽ ചേർക്കേണ്ടതുമാണ്.

1-21 എച്ച്.എം.സി.വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-22 മോണിറ്ററിംഗ് സമിതി കാര്യക്ഷമമല്ല

അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുമില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്ത:സത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 പ്രൊക്യൂയർമെന്റ് കമ്മിറ്റി

സർക്കാർ ഉത്തരവ് ജി(ഒ.പി.)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

വികസന ഫണ്ട് രണ്ടാം ഗഡു അനുവദിച്ച വേളയിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നയിനത്തിൽ ₹308000/- എന്ന തുകയാണ് സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തത്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുകയുടെ സ്ഥാനത്ത് ₹520667/- എന്ന് തെറ്റായിട്ടാണ് ചേർത്തത്. ഇത് വികസന ഫണ്ടിന്റെയും ആകെ തുകയുടെയും ചെലവിൽ ₹212667/-യുടെ അധിക വ്യത്യാസമുണ്ടാക്കിയിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2021-2022 വർഷം വിവിധങ്ങളായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജി.ഒ.(ആർ.റ്റി.)നം.686/2020/ എൽ.എസ്.ജി.ഡി. (ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്തുതല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും ആകെ 50 പേരെ നിയമിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുതല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഓൺലൈൻ പഠനസഹായ പദ്ധതിയുടെ ഭാഗമായി പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ 17.07.2020 മുതൽ പ്രവർത്തനം ആരംഭിക്കുകയും വിവിധ ആവശ്യങ്ങൾക്കായി രൂ.763390/-ചെലവഴിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

1-26 ഓഡിറ്റ് ഇംപാക്ട്

എ. ഇ. ഓഫീസിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - അധികം നൽകിയ തുക തിരികെ ഒടുക്കി.

| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|
| പ്രോജക്ട് നം. | 74/22 |
| അടങ്കൽ | ₹250000/- |

| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് – റോഡിതരം |
|---|---|

ഈ പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റിൽ EST NO.2021/68777(TS NO.26363/2021-22) ഓഫീസ് കാബിൻ നിർമ്മാണം മാത്രമാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഓഫീസ് കാബിൻ നിർമ്മാണം കൂടാതെ 4 കമ്പ്യൂട്ടർ കസേര, 1 എക്സിക്യൂട്ടീവ് കസേര എന്നിവയുടെ വാങ്ങലും ഉൾപ്പെടുത്തിയിരുന്നു. കമ്പ്യൂട്ടർ കസേരയ്ക്ക് ₹3800/-മാർക്കറ്റ് വില നിശ്ചയിച്ച് അതിന്റെ കൂടെ 1% വാട്ടർ ചാർജ്ജ് 15% കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവ കൂടി കണക്കാക്കി ഒരെണ്ണത്തിന്റെ വില ₹4413.70 യായും എക്സിക്യൂട്ടീവ് കസേരയ്ക്ക് ₹8000/- മാർക്കറ്റ് വില നിശ്ചയിച്ച് അതിന്റെ കൂടെ 1% വാട്ടർ ചാർജ്ജ് 15% കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവ കൂടി കണക്കാക്കി ഒരെണ്ണത്തിന്റെ വില ₹9292/-യായും എസ്റ്റിമേറ്റിൽ കണക്കാക്കി ആയതിന്റെ കൂടെ 12% ജി എസ് ടിയും കൂടി നൽകിയിരിക്കുന്നു.

സ്റ്റോർപർച്ചെയ്സ് മാന്വൽ/ പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾക്ക് വിധേയമായി വാങ്ങൽ നടത്തേണ്ട ഈ ഇനങ്ങൾ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയിൽ വില നിർണ്ണയിച്ച് വാങ്ങൽ നടത്തിയിരിക്കുന്നു. കൂടാതെ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷനുകൾ പ്രകാരം ഇവയുടെ വില യഥാക്രമം ₹3800/-, ₹8000/- എന്നിങ്ങനെയായിരിക്കെ അതിലും ഉയർന്ന തുകകളായ ₹4413.70, ₹9292/- എന്നിവയ്ക്കാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള അപാകത സംഭവിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.14/28.10.2022 ന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ ₹4199/- രസീത് നമ്പർ 1220600912/31.10.2022 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിരിക്കുന്നു. മെയിന്റനൻസ് ഫണ്ട് – റോഡിതരത്തിൽ നിന്നുള്ള ചെലവായതിനാൽ പ്രസ്തുത ഹെഡിലേയ്ക്ക് തുക തിരികെ ഒടുക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 202-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 100000 | സ്പർശം-പാലിയേറ്റീവ് പരിചരണം (66/22) | 100000 | 0 |
| ബ്ലോക്ക് | 2021-2022 | 215000 | പ്രതീക്ഷ ഭിന്നശേഷിയുള്ളവർക്ക് | 215000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സ്കോളർഷിപ്പ്(ജനറൽ) | | |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 146800 | പ്രതീക്ഷ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്(ജനറൽ) | 146800 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 715189 | ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 715189 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 1000000 | ലൈഫ് ഭവന പദ്ധതി (ടി.എസ്.പി) | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 140000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 157200 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 157200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 127900 | ലൈഫ് ഭവന പദ്ധതി(ടി.എസ്.പി) | 127900 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-2022 | 450000 | ലൈഫ് ഭവന പദ്ധതി(ടി.എസ്.പി) | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 122089 | നെൽ കർഷകർക്ക് വിത്തും കൂലി ചെലവ് സബ്സിഡി (4/22) | 122089 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 150000 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ(ജനറൽ) (88/22) | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 85000 | പെണ്ണാട് വിതരണം(ജനറൽ) (23/22) | 85000 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ (95/22) | 21100552015701008602/ 25.01.2022/ ₹499966/- | 499966 | 499966 | യു.സി.ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ (110/22) | XVFC/20/21-22 /P/7/05.02.2022/ ₹999932/-<br>XVFC/20/21-22 /P/10/18.02.2022/ ₹199892/-<br>ആകെ ₹1199824/- | 1199824 | 1199824 | യു.സി.ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹480000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക₹ | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 1575/15 തീ.27.05.2015 | 20020000 | 10567144 | | 2000000 | 640052 | 8567144 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം. 68/2018/ തസ്വഭവ/ തീ.18.08.2018 | 1100000 | 7729597 | 480000 | 1349334 | 0 | 6860263 |

ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ തുകയിൽ അവശേഷിക്കുന്ന തുക വാർഷിക കണക്ക് പ്രകാരം 6860263/-യാണ്. ചെലവ് പത്രിക പ്രകാരം തൻവർഷത്തെ തിരിച്ചടവ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1349334/-യും നീക്കിയിരിപ്പ് ₹6380263/- യും ആണ്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല. ചെലവ് പത്രിക പ്രകാരമുള്ള തിരിച്ചടവ് ഉൾപ്പെടുത്തി, നീക്കിയിരിപ്പ് തുക 6860263/- ആയി താൽക്കാലികമായി ഉൾപ്പെടുത്തുന്നു.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999-2000 | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | തീർപ്പായിട്ടില്ല |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 1998-99 | 3-24 | 2000-01 | | അനവദനീയമല്ലാത്ത ഹിൽട്രാക്ക് അലവൻസ് നൽകിയത് | തീർപ്പായിട്ടില്ല |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | തീർപ്പായിട്ടില്ല |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തീർപ്പായിട്ടില്ല |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | തീർപ്പായിട്ടില്ല |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | തീർപ്പായിട്ടില്ല |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്.ഇ.ബി. ₹5,67,425/-) | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന | | 2013-14 | 5.1.5(11) | 1. ഇറുക്കുപാലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| ക്ഷമത റിപ്പോർട്ടുകൾ | | | | കടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02 ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. കുവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓഞ്ഞുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തോട്-പതിക്കമല കുടിവെള്ള കിണർ പൂർത്തിയായിട്ടില്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | തീർപ്പായിട്ടില്ല |
| വിഷയാധിഷ്ഠിത അവലോകനം | | 2017-18 | | ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം – 5 | നിർവ്വഹണ ഏജൻസിയായ KSEBയുമായി കരാർ ചമച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

-ഇല്ല -

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം./തീയതി) | തുക ₹ | | | | | | | |
| 2004-05 | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 19536 | ₹19536/- രസീത് നം. 5/51083/ 03.06.10 | | | | | 19536 | 0 |
| 2004-05 | 3-6 | ശ്രീ. റോയി ഐസക്, അസി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 5964 | രസീത് നം. 5/51083 / 3.6.2010 ₹5964/- | | | | | 5964 | 0 |
| 2008-09 | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 Dated 06.08.2014 | 24080 | | | | | | 24080 | |
| 2009-10 | 3-6 (1,2,3)(P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 53243 | | | | | | 53243 | |
| 2009-10 | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 13361 | | | | | | 13361 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 21164634 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 93210671 |
| ആകെ | | 114375305 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 87128888 |
| നീക്കിയിരിപ്പ് | | 27246417 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 368621 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 74100 | ശ്രീ.അലിയാർ പി.എം, വി.ഇ.ഒ. |
| 1-16 | 133021 | ശ്രീ.സെബാസ്റ്റ്യൻ പി.എസ്. സെക്രട്ടറി |
| 1-17 | 161500 | ശ്രീ.സെബാസ്റ്റ്യൻ പി.എസ്. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അലിയാർ പി.എം. വി.ഇ.ഒ. | വി.ഇ.ഒ. മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് | പൂറവത്ത്കാട്ടിൽ, പട്ടിമറ്റം പി.ഒ., എറണാകുളം ജില്ല പിൻ.685607 |
| ശ്രീ.സെബാസ്റ്റ്യൻ പി.എസ്. സെക്രട്ടറി | സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് | പേഴമറ്റത്തിൽ, കുവക്കണ്ടം പി.ഒ. തൊടുപുഴ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.7-159/99/17.08.1999 | 8 | 32, 34, 36, 37, 38, |

| | | | |
|---|---|---|---|
| | | | 39(2), 39(3), 39(4) |
| 1997-98 | എൽ.എഫ്.ഐ.7-113/01/05.02.2001 | 2 | 19, 28 |
| 1998-99 | എൽ.എഫ്.ഐ.7-302/00/ 10.06.2002 | 14 | 20(1), 20(2), 2(എ), 2(ബി), 2(സി), 22, 23, 24, 25, 26, 27, 28, 29, 30 |
| 1999-00 | എൽ.എഫ്.ഐ.7-130/01/ 08.10.2007 | 13 | 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/ 08/06.06.2018 | 1 | 36 |
| 2004-05 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/ 08/06.06.2018 | 2 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-10/746/ 2018/06.06.2018 | 1 | 2-3 |
| 2006-07 | എൽ.എഫ്.ഐ.8-792/09/15.03.2010 | 2 | 3-3, 3-6 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 | 1 | 3-4 |
| 2010-11 | എൽ.എഫ്.ഐ.10-624/13/26.08.2013 /16.12.2013 | 2 | 3-1, 3-10 |
| 2011-12 | എൽ.എഫ്.ഐ.10-56/14/30.04.2014 /10.06.2014 | 1 | 3-3 |
| 2012-13 | എൽ.എഫ്.ഐ.10-40/15/05.02.2015 /09.04.2015 | 1 | 3-4 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/ 2016/01.06.2015 | 3 | 2-1, 3-1, 3-5 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/ 2017/18.01.2017 | 2 | 3-1, 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.10/1434/ 2017/03.11.2017 | 1 | 2-2 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.10/1252 /2018/12.11.2018 | 1 | 3-3 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.10/938 /19/11.12.2019 | 4 | 1-16(3-1) , 1-23, 1-28, 1-31 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.10/730/2021/ 08.09.2021 | 5 | 1-11, 1-15, 1-17, 1-18, 1-19 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.10/651 /21/29.09.2021 | 9 | 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-23 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്